പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 55

# 2017-ലെ മലയാള ഭാഷ (നിർബ്ബന്ധിത ഭാഷ) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2017

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 55

# 2017-ലെ മലയാള ഭാഷ (നിർബ്ബന്ധിത ഭാഷ) ബിൽ

462/2017.

# 2017-ലെ മലയാള ഭാഷ (നിർബ്ബന്ധിത ഭാഷ) ബിൽ

## സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങളിലും മലയാളം ഒരു നിർബ്ബന്ധിത ഭാഷയായി പഠിപ്പിക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുള്ള

## ഒരു

## ബിൽ

പീഠിക.—സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങളിലും മലയാള ഭാഷ നിർബ്ബന്ധിത ഭാഷയായി പഠിപ്പിക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയെട്ടാം സംവത്സരത്തിൽ ഇനിപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2017-ലെ മലയാള ഭാഷ (നിർബ്ബന്ധിത ഭാഷ) ആക്റ്റ് എന്ന് പറയാം.

(2) ഇത് 2017 ഏപ്രിൽ 10-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) ''സർക്കാർ'' എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു;

(ബി) ''വിദ്യാലയങ്ങൾ'' എന്നാൽ സംസ്ഥാനത്തെ എല്ലാ സർക്കാർ, എയ്ഡഡ്, അൺ-എയ്ഡഡ്, സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളും, സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സെൻട്രൽ ബോർഡ് ഓഫ് സെക്കന്ററി എഡ്യൂക്കേഷൻ (സി.ബി.എസ്.ഇ.), ഇൻഡ്യൻ കൗൺസിൽ ഓഫ് സെക്കന്ററി എഡ്യൂക്കേഷൻ (ഐ.സി.എസ്.ഇ.) മറ്റ് ഏതെങ്കിലും ബോർഡുകൾ എന്നിവയുടെ നിയന്ത്രണത്തിലുള്ളതുമായ എല്ലാ സ്കൂളുകളും എന്നർത്ഥമാകുന്നു;

(സി) ''നിർണ്ണയിക്കപ്പെട്ട'' എന്നാൽ ഈ ആക്റ്റിൻ കീഴിലുണ്ടാക്കുന്ന ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു;

(ഡി) ''സംസ്ഥാനം'' എന്നാൽ കേരള സംസ്ഥാനം എന്നർത്ഥമാകുന്നു.

3. സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങളിലും മലയാളം നിർബ്ബന്ധിത ഭാഷയാക്കണമെന്ന്.—(1) തത്സമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും ആക്റ്റിലോ അതിൻകീഴിൽ ഉണ്ടാക്കപ്പെട്ടിട്ടുള്ള ചട്ടങ്ങളിലോ ഉത്തരവുകളിലോ എന്ത് തന്നെ അടങ്ങിയിരുന്നാലും സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങളിലും ഒന്നാംതരം മുതൽ പത്താംതരം വരെയുള്ള ക്ലാസ്സുകളിൽ 2017–18 അദ്ധ്യയന വർഷം മുതൽ മലയാളം ഒരു നിർബ്ബന്ധിത ഭാഷയായി പഠിപ്പിക്കേണ്ടതാണ്.

(2) സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ മലയാളം സംസാരിക്കുന്നതിന് പ്രത്യക്ഷമായോ പരോക്ഷമായോ യാതൊരു നിരോധനവും ഏർപ്പെടുത്തുവാൻ പാടില്ലാത്തതാകുന്നു.

(3) (2)-ാം ഉപവകുപ്പ് പ്രകാരം മലയാളഭാഷ സംസാരിക്കുന്നതിന് വിലക്ക് ഏർപ്പെടുത്തിക്കൊണ്ടോ മറ്റേതെങ്കിലും ഭാഷ മാത്രമേ സംസാരിക്കാവൂ എന്ന രീതിയിലോ ഉള്ള ബോർഡുകളോ നോട്ടീസുകളോ മറ്റേതെങ്കിലും തരത്തിലുള്ള പ്രചാരണങ്ങളോ വിദ്യാലയങ്ങളിൽ നടത്തുവാൻ പാടുള്ളതല്ല.

(4) ഇതര സംസ്ഥാനങ്ങളിൽ നിന്നും വിദേശ രാജ്യങ്ങളിൽ നിന്നും സംസ്ഥാനത്ത് വന്ന് പഠനം തുടരുന്ന വിദ്യാർത്ഥികൾക്ക് അതത് ക്ലാസുകളിലെ പാഠ്യപദ്ധതി പ്രകാരമുള്ള മലയാള ഭാഷ അദ്ധ്യയനം സാധ്യമാക്കുവാൻ കഴിയാത്ത സാഹചര്യമുള്ളപക്ഷം പത്താംതരം പരീക്ഷയിൽ മലയാള ഭാഷയിലുള്ള പരീക്ഷയിൽനിന്നും അവരെ ഒഴിവാക്കാവുന്നതാണ്.

(5) സെൻട്രൽ ബോർഡ് ഓഫ് സെക്കന്ററി എഡ്യൂക്കേഷൻ (സി.ബി.എസ്.ഇ.), ഇൻഡ്യൻ കൗൺസിൽ ഓഫ് സെക്കന്ററി എഡ്യൂക്കേഷൻ (ഐ.സി.എസ്.ഇ.) മുതലായ ബോർഡുകളുടെ കീഴിലുള്ള വിദ്യാലയങ്ങൾക്ക് നിരാക്ഷേപപത്രം നൽകുന്നതിനു വേണ്ടിയുള്ള ഒരു നിബന്ധനയായി നിർബ്ബന്ധിത മലയാള ഭാഷാപഠനം ഏർപ്പെടുത്തേണ്ടതും അപ്രകാരം നിർബ്ബന്ധിത ഭാഷാപഠനം ഏർപ്പെടുത്തിയിട്ടില്ലാത്ത വിദ്യാലയങ്ങളുടെ നിരാക്ഷേപപത്രം റദ്ദാക്കേണ്ടതുമാണ്.

(6) കേരള എഡ്യൂക്കേഷൻ ആക്റ്റിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകൾക്ക് കീഴിൽ അൺ-എയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിന് നിർബ്ബന്ധിത മലയാള ഭാഷാപഠനം ഒരു നിബന്ധനയാക്കേണ്ടതാണ്.

(7) ഭാഷാ ന്യൂനപക്ഷങ്ങൾക്ക് മാത്രമായുള്ള സ്കൂളുകളിൽ മലയാളം പഠിപ്പിക്കുന്നതിന് ആവശ്യമായ സൗകര്യം ചെയ്തുകൊടുക്കേണ്ടതാണ്.

4. ആക്റ്റിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകളുടെ ലംഘനത്തിനുള്ള ശിക്ഷ.—(1) ഈ ആക്റ്റിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകൾ ലംഘിക്കുന്ന വിദ്യാലയങ്ങളിലെ പ്രധാന അധ്യാപകരെ അയ്യായിരം രൂപ പിഴ നൽകി ശിക്ഷിക്കേണ്ടതാണ്.

(2) സർക്കാർ ഇതിലേക്കായി അധികാരപ്പെടുത്തിയ വിദ്യാഭ്യാസ ഡയറക്ടറുടെ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ അപ്രകാരമുള്ള പിഴ പ്രസ്തുത പ്രധാന അധ്യാപകരിൽ നിന്നും നിർണ്ണയിക്കാവുന്ന രീതിയിൽ ഈടാക്കേണ്ടതാണ്.

(3) അപ്രകാരമുള്ള മൂന്ന് ലംഘനങ്ങളുണ്ടാകുന്നപക്ഷം അൺ-എയ്ഡഡ് വിദ്യാലയങ്ങളുടെ സംഗതിയിൽ, പ്രസ്തുത വിദ്യാലയത്തിന്റെ അംഗീകാരം റദ്ദാക്കുന്നതും, സെൻട്രൽ ബോർഡ് ഓഫ് സെക്കന്ററി എഡ്യൂക്കേഷൻ (സി.ബി.എസ്.ഇ.), ഇൻഡ്യൻ കൗൺസിൽ ഓഫ് സെക്കന്ററി എഡ്യൂക്കേഷൻ (ഐ.സി.എസ്.ഇ.) ബോർഡുകൾക്ക് കീഴിലുള്ള വിദ്യാലയങ്ങളുടെ സംഗതിയിൽ, അപ്രകാരമുള്ള വിദ്യാലയങ്ങൾക്ക് നൽകിയിട്ടുള്ള നിരാക്ഷേപപത്രം നിർണ്ണയിക്കാവുന്ന രീതിയിൽ റദ്ദാക്കുകയും ചെയ്യുന്നതാണ്.

5. ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം.—(1) സർക്കാരിന്, ഗസറ്റ് വിജ്ഞാപനം വഴി, ഈ ആക്റ്റിലെ ആവശ്യങ്ങൾ നടപ്പിലാക്കുന്നതിനായി, പിൽക്കാല പ്രാബല്യത്തോടുകൂടിയോ മുൻകാല പ്രാബല്യത്തോടുകൂടിയോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ ആക്റ്റ് പ്രകാരമുണ്ടാക്കിയ ഏതൊരു ചട്ടവും അത് ഉണ്ടാക്കിയതിനു ശേഷം, കഴിയുന്നത്രവേഗം, നിയമസഭ സമ്മേളനത്തിൽ ആയിരിക്കുമ്പോൾ അതിന്റെ മുൻപാകെ, ഒരു സമ്മേളനത്തിലോ തുടർച്ചയായുള്ള രണ്ട് സമ്മേളനങ്ങളിലോ പെടാവുന്ന, ആകെ പതിനാല് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും, അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്തു വരുന്ന സമ്മേളനമോ അവസാനിക്കുന്നതിനു മുൻപ് നിയമസഭ പ്രസ്തുത ചട്ടത്തിൽ എന്തെങ്കിലും രൂപഭേദം വരുത്തുകയോ അല്ലെങ്കിൽ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്ന പക്ഷം, ആ ചട്ടത്തിന് അതിനുശേഷം, അതതു സംഗതി പോലെ, അങ്ങനെ രൂപഭേദപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രാബല്യമുണ്ടായിരിക്കുകയോ അല്ലെങ്കിൽ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുകയോ ചെയ്യുന്നതും ആകുന്നു. എന്നിരുന്നാലും, അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ റദ്ദാക്കലോ ആ ചട്ടപ്രകാരം മുമ്പ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

6. വൈഷമ്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള അധികാരം.—(1) ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിൽ എന്തെങ്കിലും വൈഷമ്യങ്ങൾ ഉണ്ടാകുന്നപക്ഷം, സർക്കാരിന്, ഗസറ്റിൽ വിജ്ഞാപനം ചെയ്ത ഉത്തരവുവഴി, അങ്ങനെയുള്ള വൈഷമ്യം നീക്കം ചെയ്യുന്നതിലേക്ക് ആവശ്യമെന്നോ യുക്തമെന്നോ അതിന് തോന്നുന്നതും ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്തതുമായ, വ്യവസ്ഥകൾ ഉണ്ടാക്കാവുന്നതാണ്:

എന്നാൽ, അങ്ങനെയുള്ള യാതൊരു ഉത്തരവും ഈ ആക്റ്റിന്റെ പ്രാരംഭ തീയതി മുതൽ രണ്ടു വർഷക്കാലത്തിനുശേഷം പുറപ്പെടുവിക്കുവാൻ പാടുള്ളതല്ല.

(2) ഈ വകുപ്പിൻകീഴിൽ പുറപ്പെടുവിച്ച ഓരോ ഉത്തരവും അത് പുറപ്പെടുവിച്ചതിനുശേഷം, കഴിയുന്നത്ര വേഗം, നിയമസഭ മുൻപാകെ വയ്ക്കേണ്ടതാണ്.

7. റദ്ദാക്കലും ഒഴിവാക്കലും.—(1) 2017-ലെ മലയാള ഭാഷ (നിർബ്ബന്ധിത ഭാഷ) ഓർഡിനൻസ് (2017-ലെ 5) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും പ്രസ്തുത ഓർഡിനൻസ് പ്രകാരം ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ ഈ ആക്റ്റിൻ കീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

2017-18 അദ്ധ്യയന വർഷം മുതൽ സംസ്ഥാനത്തെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും 1 മുതൽ 10 വരെയുള്ള ക്ലാസ്സുകളിൽ മലയാള ഭാഷ പഠിപ്പിക്കുന്നത് നിർബ്ബന്ധമാക്കുന്നതിനും സ്കൂളുകളിൽ മലയാള ഭാഷ സംസാരിക്കുന്നതിന് പ്രത്യക്ഷമായോ പരോക്ഷമായോ യാതൊരു നിരോധനവും ഏർപ്പെടുത്തുവാൻ പാടില്ലെന്ന് വ്യവസ്ഥ ചെയ്യുന്നതിനും സർക്കാർ തീരുമാനിച്ചു. കൂടാതെ, സെൻട്രൽ ബോർഡ് ഓഫ് സെക്കന്ററി എഡ്യൂക്കേഷൻ (സി.ബി.എസ്.ഇ.), ഇൻഡ്യൻ കൗൺസിൽ ഓഫ് സെക്കന്ററി എഡ്യൂക്കേഷൻ (ഐ.സി.എസ്.ഇ.) മുതലായ ബോർഡുകളുടെ കീഴിലുള്ള വിദ്യാലയങ്ങൾക്ക് നിരാക്ഷേപപത്രം നൽകുന്നതിനും കേരള വിദ്യാഭ്യാസ നിയമത്തിന്റെയും, ചട്ടങ്ങളുടെയും വ്യവസ്ഥകൾക്കുകീഴിൽ അൺ-എയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിനും നിർബ്ബന്ധിത മലയാള ഭാഷാ പഠനം ഒരു നിബന്ധനയാക്കുന്നതിനും സർക്കാർ തീരുമാനിച്ചു.

2. മേൽ വ്യവസ്ഥകൾ ലംഘിക്കുന്ന സ്കൂളുകളിലെ പ്രധാനാദ്ധ്യാപകർക്ക് പിഴശിക്ഷ നൽകുന്നതിനും അത്തരം ലംഘനങ്ങൾ മൂന്ന് പ്രാവശ്യം ആവർത്തിക്കുന്ന പക്ഷം, സെൻട്രൽ ബോർഡ് ഓഫ് സെക്കന്ററി എഡ്യൂക്കേഷൻ (സി.ബി.എസ്.ഇ.), ഇൻഡ്യൻ കൗൺസിൽ ഓഫ് സെക്കന്ററി എഡ്യൂക്കേഷൻ (ഐ.സി.എസ്.ഇ.) വിദ്യാലയങ്ങൾക്ക് നൽകിയിട്ടുള്ള നിരാക്ഷേപപത്രം റദ്ദാക്കുന്നതിനും അൺ-എയ്ഡഡ് സ്കൂളുകളുടെ അംഗീകാരം റദ്ദ് ചെയ്യുന്നതിനും സർക്കാർ തീരുമാനിച്ചു. ഇതിനായി ഒരു നിയമനിർമ്മാണം കൊണ്ടുവരേണ്ടത് ആവശ്യമാണെന്ന് സർക്കാർ കരുതുന്നു.

കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ ഉടൻ നടപ്പിൽ വരുത്തേണ്ടിയിരുന്നതിനാലും 2017-ലെ മലയാള ഭാഷ (നിർബ്ബന്ധിത ഭാഷ) ഓർഡിനൻസ്, 2017 ഏപ്രിൽ 10-ാം തീയതി കേരള ഗവർണർ വിളംബരപ്പെടുത്തുകയും ആയത്, 2017-ലെ 5-ാം നമ്പർ ഓർഡിനൻസ് ആയി 2017 ഏപ്രിൽ മാസം 10-ാം തീയതിയിലെ 705-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

പ്രസ്തുത ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിന് ഉദ്ദേശിച്ചു കൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ, സംസ്ഥാനത്തെ പൂർണ്ണമായും കന്നട, തമിഴ് മീഡിയത്തിലുള്ള സ്കൂളുകളിലും ഓറിയന്റൽ സംസ്കൃതം/അറബിക് എന്നീ സ്കൂളുകളിൽ മലയാള ഭാഷാദ്ധ്യാപകരുടെ 194 തസ്തികകൾ (ലോവർ പ്രൈമറി സ്കൂൾ അസിസ്റ്റന്റ്, അപ്പർ പ്രൈമറി സ്കൂൾ അസിസ്റ്റന്റ്, ഹൈസ്കൂൾ അസിസ്റ്റന്റ്) പുതുതായി സൃഷ്ടിക്കേണ്ടതായി വരും. ഈ തസ്തികകളിലേക്ക് നിയമിക്കപ്പെടുന്ന അദ്ധ്യാപകർക്ക് അടിസ്ഥാന ശമ്പളവും ക്ഷാമബത്തയും മറ്റ് ആനുകൂല്യങ്ങൾ ഉൾപ്പെടെയുള്ള ചെലവിനത്തിൽ പ്രതിവർഷം ഉദ്ദേശം 7,20,65,000 രൂപ ചെലവ് വരുന്നതായി പ്രതീക്ഷിക്കുന്നു. അപ്രകാരമുള്ള ശമ്പളത്തിൽ അതതു കാലങ്ങളിൽ ശമ്പള പരിഷ്കരണംവഴി വരുന്ന വർദ്ധനവും ക്ഷാമബത്തയിലെ വർദ്ധനവും വാർഷികമായി അടിസ്ഥാന ശമ്പളത്തിൽ വരുന്ന വർദ്ധനവും സംസ്ഥാന സഞ്ചിതനിധിയിൽ അധിക ബാദ്ധ്യതയായി വരുന്നതുമാണ്. ഇതുവഴി സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും ഉണ്ടായേക്കാവുന്ന ചെലവ് ഈ ഘട്ടത്തിൽ കൃത്യതയോടെ കണക്കാക്കുവാൻ കഴിയുന്നതല്ല. ഈ ബില്ലിലെ വ്യവസ്ഥകളുമായി ബന്ധപ്പെട്ട് അനാവർത്തക ചെലവുകൾ ഒന്നും പ്രതീക്ഷിക്കുന്നില്ല.

## ഏൽപ്പിച്ചു കൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ചുള്ള മെമ്മോറാണ്ടം

1. ബില്ലിലെ 4-ാം ഖണ്ഡം (2)-ാം ഉപഖണ്ഡം, ബില്ലിലെ വ്യവസ്ഥകൾ ലംഘിക്കുന്ന സ്കൂളുകളിലെ പ്രധാന അദ്ധ്യാപകരിൽ നിന്നും പിഴ ഈടാക്കുന്നതിനുള്ള രീതി നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

2. ബില്ലിലെ 4-ാം ഖണ്ഡം (3)-ാം ഉപഖണ്ഡം, ബില്ലിലെ വ്യവസ്ഥകൾ മൂന്നു തവണ ലംഘിക്കുന്ന സെൻട്രൽ ബോർഡ് ഓഫ് സെക്കന്ററി എഡ്യൂക്കേഷൻ (സി.ബി.എസ്.ഇ.), ഇൻഡ്യൻ കൗൺസിൽ ഓഫ് സെക്കന്ററി എഡ്യൂക്കേഷൻ (ഐ.സി.എസ്.ഇ.) മുതലായ ബോർഡുകളുടെ കീഴിലുള്ള വിദ്യാലയങ്ങളുടെ നിരാക്ഷേപപത്രം റദ്ദാക്കുന്നതിനും അൺ-എയ്ഡഡ് വിദ്യാലയങ്ങളുടെ അംഗീകാരം റദ്ദാക്കുന്നതിനുമുള്ള രീതി നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

3. ഈ ആക്റ്റിന്റെ ആവശ്യങ്ങൾ നടപ്പാക്കുന്നതിലേക്ക് ചട്ടങ്ങൾ ഉണ്ടാക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുവാൻ ബില്ലിലെ 5-ാം ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

4. ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിലേക്ക് ഉണ്ടാകാവുന്ന ഏതെങ്കിലും വൈഷമ്യം നീക്കം ചെയ്യുന്നതിന്, ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്ത വ്യവസ്ഥകൾ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ ഉത്തരവുമൂലം ഉണ്ടാക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ബില്ലിലെ 6-ാം ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

5. ഏതു കാര്യങ്ങളെ സംബന്ധിച്ചാണോ ചട്ടങ്ങൾ ഉണ്ടാക്കുന്നത് അവയെല്ലാം നടപടിക്രമം സംബന്ധിച്ചവയും സാധാരണമോ ഭരണപരമോ ആയ സ്വഭാവത്തോടു കൂടിയവയുമാകുന്നു. മാത്രമല്ല, ചട്ടങ്ങൾ അവ ഉണ്ടാക്കിയശേഷം നിയമസഭയുടെ സൂക്ഷ്മപരിശോധനയ്ക്കു വിധേയവുമാണ്. ആയതിനാൽ ഏൽപ്പിച്ചു കൊടുത്ത നിയമനിർമ്മാണാധികാരം സാധാരണ സ്വഭാവത്തോടുകൂടിയതാണ്.

പ്രൊഫ. സി. രവീന്ദ്രനാഥ്.